ആനുകൂല്യങ്ങൾ തിരുരങ്ങാടിയിലെ കൃഷിക്കാർക്കും നൽകിവരുന്നുണ്ട്. പിന്നെ അങ്ങ് പറഞ്ഞ ഒരു പ്രധാനപ്പെട്ട പ്രശ്നം നെൽകൃഷിക്കാർക്ക് ജല സേചനസൗകര്യം പ്രദാനംചെയ്യുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ്. അതിനുവേണ്ടി കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാർ ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പ് മന്ത്രിയുമായിട്ട് ആലോചിച്ച് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുമായിട്ട് ചർച്ചചെയ്ത് കൃഷിക്കാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഒരു സ്ഥിരം സമിതി അവിടെ രൂപീകരിക്കാൻ മുൻകൈയെടുക്കും.

(12) ഐ.എൻ.ടി.യു.സി.യുടെ നേതൃത്വത്തിൽ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എ.കെ. മണി : സർ, ഐ.എൻ.ടി.യു.സി.യുടെ നേതൃത്വത്തിൽ ഇന്ന് പതിനായിരക്കണക്കിന് തൊഴിലാളികൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. ഇത് ഈ ഭാഗത്തെ പല എം.എൽ.എ.മാരുടെയും ആവശ്യമാണ്. ഞങ്ങളൊക്കെ തൊഴിലാളി പ്രവർത്തകരാണ്. അങ്ങനെയുള്ളവർ അപ്പുറത്തുമുണ്ട്. തൊഴിലാളികളുടെ പേര് പറഞ്ഞ് അധികാരത്തിൽ കയറിയ ഈ സർക്കാർ തൊഴിലാളികളെ വഞ്ചിച്ചിരിക്കുകയാണ്. ഒരു തൊഴിൽനയം പ്രഖ്യാപിക്കാതെ കഴിഞ്ഞ മൂന്നു വർഷമായി തൊഴിലാളികളെ പീഡിപ്പിക്കുകയാണ്. സർക്കാർ തൊഴിലാളി സംഘടനാ നേതാക്കളുമായി ആലോചിക്കാതെ തന്നെ ഒരു തൊഴിൽനയം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ തൊഴിൽ നയം പ്രഖ്യാപിച്ചതു മുതൽ തൊഴിലാളികൾ പ്രകോപിതരാണ്. കയർ, കശുവണ്ടി, ഈറ്റ, തോട്ടം മേഖലകളിലെ തൊഴിലാളികൾ ഇന്ന് വളരെ ബുദ്ധിമുട്ടുകയാണ്. തൊഴിലാളി സംഘടനകളുമായി ആലോചിക്കാതെ പ്രഖ്യാപിച്ച ഈ തൊഴിൽനയം ഗവൺമെന്റ് പിൻവലിക്കുക, ഒരു പുതിയ തൊഴിൽനയം പ്രഖ്യാപിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുക, പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറക്കുക, അസംഘടിത തൊഴിലാളികളെ നിയമം മൂലം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുക, കറണ്ട് ചാർജ് വർദ്ധനവ് പിൻവലിക്കുക, വിലക്കയറ്റം തടയുക, വർദ്ധിപ്പിച്ച ബസ്സ് ചാർജ്ജ് പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഇന്ന് ഈ മാർച്ചിൽ ഉന്നയിക്കുന്നത്. പ്ലാന്റേഷൻ മേഖലയെപ്പറ്റി പറയണ്ട. ഞാൻ തോട്ടം തൊഴിലാളികളിൽ ഒരംഗമാണ്. എനിക്ക് തോട്ടം തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ നേരിട്ടറിയാം. ഈ മേഖലയിലെ തൊഴിലാളികൾ അടിമപ്പണിയാണ് ചെയ്യുന്നത്. അവർക്കുവേണ്ടിയുള്ള നിയമങ്ങൾ നല്ല രീതിയിൽ നടത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കഴിഞ്ഞ മൂന്നു വർഷമായി പി.എൽ.സി. കൂടിയിട്ടില്ല. അതിന്റെ കാലാവധി 4 വർഷമാക്കിയതല്ലാതെ ഈ തൊഴിലാളികൾക്ക് യാതൊരു നേട്ടവും ഈ സർക്കാരിൽ നിന്നും ഇതുവരെ ഉണ്ടായിട്ടില്ല. തോട്ടം തൊഴിലാളികളുടെ വേതനത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കൂട്ടാക്കാതെ സർക്കാരും തോട്ടമുടമകളും കൂടി ഒത്തുകളിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി പി.എൽ.സി.കൂടി പണിയെടുക്കുന്ന ഈ തോട്ടം തൊഴിലാളികളുടെ വേതനം ഉടൻതന്നെ പരിഷ്ക്കരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, സമഗ്രമായ ഒരു തൊഴിൽനയം രൂപീകരിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ആയതിലേക്ക് പ്രമുഖ വ്യവസായികളും

LIBRARY ARCHIVES Kerala Legislative Assembly

ട്രേഡ് യൂണിയൻ പ്രതിനിധികളും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരും ഉൾപ്പെടുന്ന ഇൻഡസ്ട്രിയൽ റിലേഷൻ ബോർഡ് 11-6-99-ൽ കൂടുകയും ഒരു തൊഴിൽ നയം രൂപീകരിക്കാനുള്ള ചർച്ച നടത്തുകയുമുണ്ടായി. അതിന്റെ പൂർണ്ണ രൂപം തയ്യാറാക്കി ട്രേഡ് യൂണിയൻ പ്രതിനിധികളുമായിട്ട് ചർച്ച നടത്തിയശേഷം സമഗ്രമായ ഒരു തൊഴിൽ നയം രൂപീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

സർ, പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി ചർച്ചകൾ നടന്നുവരികയാണ്. ഉദാഹരണമായി സാമ്പത്തിക പ്രതിസന്ധി കാരണം പൂട്ടിക്കിടക്കുന്ന തിരുവേപ്പതി മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11-7-99-ൽ തൊഴിലാളി യൂണിയനും മാനേജുമെന്റും തമ്മിൽ വിശദമായ ചർച്ചനടത്തുകയുണ്ടായി. അതുപോലെതന്നെ തൃശൂർ-പേരമ്പ്രയിലുള്ള അപ്പോളോ ടയേഴ്സ് 11-7-99 നാലു മണി മുതൽ ലോക്കൗട്ടിലാണ്. പ്രസ്തുത കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഒരു ദീർഘകാല കരാറിന് രൂപം കൊടുക്കാൻ ഊർജ്ജിതമായ ചർച്ച നടന്നുവരികയാണ്. ഇന്നലെയും അതിന്റെ ചർച്ചകൾ തുടരുന്നു. മിനിമം വേജസ് ആക്ടിന്റെ പട്ടികയിൽ 64 വ്യവസായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിലുപരി മിനിമം വേതന നിയമത്തിന്റെ പരിധിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള സോപ്പ് നിർമ്മാണം, ബേക്കറി, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ നിർമ്മാണം, പ്ലാസ്റ്റിക് നിർമ്മാണം, ചൂരൽ വ്യവസായം, സെക്യൂരിറ്റി സർവ്വീസ് എന്നിവയ്ക്കു പുറമേ കൂലി നിജപ്പെടുത്തി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അസംഘടിതമായ തൊഴിലാളികളെ സംരക്ഷിക്കുക എന്നത് സർക്കാരിന്റെ നയമാണ്. ഉദാഹരണമായി ബീഡി തൊഴിലാളി ക്ഷേമനിധി, വാണിജ്യസ്ഥാപനങ്ങളുടെ തൊഴിലാളികൾക്കുള്ള ക്ഷേമനിധി എന്നിവയുടെ നിയമനിർമ്മാണം ഈ വർഷം തന്നെ നടത്തുന്നതാണ്. തോട്ടം തൊഴിലാളികളുടെ ദീർഘകാല കരാർ 1999 മാർച്ച് 31-ന് അവസാനിച്ചിരിക്കുകയാണ്. എന്നാൽ ഒരു പുതിയ കരാർ വ്യവസ്ഥ ഉണ്ടാക്കുന്നതിലേക്കുള്ള ചർച്ചകൾ 20-1-99 മുതൽ പുനരാരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം തന്നെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി 13-7-99-ന് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. അധികം വൈകാതെ തന്നെ തോട്ടം തൊഴിലാളികൾക്ക് ദീർഘകാല കരാർ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ വ്യാവസായിക സാധ്യതകൾ കണ്ടെത്തുക, വ്യവസായ നയം മാറ്റുക, വർദ്ധിച്ച വൈദ്യുതി ചാർജ്ജ് പിൻവലിക്കുക എന്നീ വിഷയങ്ങൾ തൊഴിൽ വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നവയല്ല.

(13) പ്രമേഹ ചികിത്സയ്ക്ക് ഉപയോഗിച്ചുവരുന്ന പാവയ്ക്ക, വഴുതനങ്ങ എന്നിവകൊണ്ട് ഔഷധമുണ്ടാക്കാൻ അമേരിക്കൻ സ്ഥാപനത്തിന് പേറ്റന്റ് അനുവദിച്ചത് സംബന്ധിച്ച്

<u>ശ്രീ. പി. രാഘവൻ</u> : സർ, ഇൻഡ്യയിൽ നൂറ്റാണ്ടുകളായി പ്രമേഹ ചികിത്സയ്ക്ക് ഉപയോഗിച്ചുവരുന്ന പാവയ്ക്കയും വഴുതനങ്ങയും ഉപയോഗിച്ച് ഔഷധങ്ങളുണ്ടാക്കാൻ അമേരിക്കയിലെ പേറ്റന്റ് ഓഫീസ് ന്യൂജഴ്സിയിലെ ഒരു ഗവേഷണ സ്ഥാപനത്തിലെ മൂന്നു ശാസ്ത്രജ്ഞൻമാർക്ക് പേറ്റന്റ് അനുവദിച്ചതായി അറിയുന്നു. ആര്യവേപ്പിനും, മഞ്ഞളിനും പിന്നാലെ വഴുത

LIBRARY ARCHIVES Kerala Legislative Assembly